ഇങ്ങനെ 35 ലക്ഷം രൂപ തൊഴിലാളികളും കൂടി കൂട്ടുചെയ്ത് നിക്ഷേപിക്കുന്നതു കണ്ടപ്പോൾ ഇ.പി.എഫിന്റെ അധികൃതർ ഇതിൽ ഇടപെടാൻ തുടങ്ങിയിരിക്കുകയാണ്. രണ്ടോ നാലോ തൊഴിലാളികളും പണിയെടുക്കുന്ന ഈ ഷോപ്പുകളെ ഇ.പി.എഫിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല. ഗ്രാറ്റുവിറ്റി അവർക്ക് സംഭരിക്കുവാനുള്ള നിയമവുമില്ല. ഈ സാഹചര്യത്തിൽ കള്ളു ചെത്തു തൊഴിലാളികൾക്ക് രൂപീകരിച്ച വെൽഫെയർ ഫണ്ടിന്റെ മാതൃകയിൽ തന്നെ ഈ തൊഴിലാളികൾക്കും ഒരു പ്രത്യേകമായ ക്ഷേമനിധി നിയമം എത്രയും വേഗം കൊണ്ടുവരണം. അങ്ങനെ അവരുടെ ഈ ഫണ്ടിന് സംരക്ഷണം നൽകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഈ കാര്യം ഗവൺമെന്റ് പരിഗണിക്കുകയുണ്ടായി. ഇങ്ങനെ ഒരു ക്ഷേമനിധി ഉണ്ടാക്കുന്നത് ആവശ്യമാണ്. ആദ്യമായി ചെത്തുതൊഴിലാളികളുടെ ചെലവ് കുറയ്ക്കുന്നതിനുവേണ്ടി ചെത്തുതൊഴിലാളി ക്ഷേമനിധിയുടെ കീഴിൽത്തന്നെ ഇത് കൊണ്ടുവരാമോ എന്ന് പരിശോധിച്ചു. പക്ഷേ അതിന്റെ ബന്ധപ്പെട്ട ആളുകൾക്ക് അതിനോടും യോജിപ്പില്ലാത്തതുകൊണ്ട് പ്രത്യേകമായി ഇവർക്ക് ഒരു ക്ഷേമനിധിയുണ്ടാക്കുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്. എത്രയും വേഗം ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(28) ഹരിജനങ്ങളെ മർദ്ദിച്ച സംഭവം

ശ്രീമതി കെ. ആർ. ഗൗരി : സർ, ഹരിപ്പാട് ചെറുതന വില്ലേജിൽ പാണ്ടി എന്ന പ്രദേശത്ത് രണ്ട് വസ്തു ഉടമസ്ഥൻമാർ തമ്മിൽ ഒരു വാച്ചാൽ തർക്കമുണ്ടായി. ആ വാച്ചാൽ തർക്കത്തിൽ അവിടെ ജോലിചെയ്തിരുന്നതായ കർഷകത്തൊഴിലാളികളും ജോലി കഴിഞ്ഞ് ചായക്കടയിൽ കാപ്പികുടിക്കാൻ കയറിയപ്പോൾ ഒരു വസ്തു ഉടമസ്ഥന്റെ കുറെയാളുകളും ചായക്കടയിൽവച്ച് പെൺകുട്ടികളായ കർഷകത്തൊഴിലാളികളെ ഉപദ്രവിക്കുന്നതിന് ഒരു ശ്രമം നടത്തുകയും അവിടെവച്ച് ഒരു ചെറിയ സംഘട്ടനമുണ്ടാകുകയും 2 കർഷകതൊഴിലാളികളെ പരിക്കേൽക്കുകയും ചെയ്തു. അതു കഴിഞ്ഞതിനുശേഷം അന്നു രാത്രിതന്നെ അപ്പച്ചൻ തോട്ടവേലിൽ, കുരിയച്ചൻ തോട്ടവേലിൽ, മോനിയൻ തോട്ടവേലിൽ, വക്കച്ചി കോട്ടയ്ക്കകം എന്നിവരുടെ നേതൃത്വത്തിൽ ഏതാണ്ട് 10—15-ഉം ജൻമികളുടെതായിട്ടുള്ള ഗുണ്ടകളോ അവരുടേതായ ആൾക്കാരോ വന്ന് ഈ കർഷകത്തൊഴിലാളികളായിട്ടുള്ളവരുടെ വീടുകളിൽ കയറി അവരെ വടിയും മറ്റ് ആയുധങ്ങളും കൊണ്ട് ആക്രമിക്കുകയുണ്ടായി. ആ ആക്രമത്തിൽ പരിക്കേറ്റതായ എം. വി. പത്മനാഭൻ, സുരേന്ദ്രൻ, ഹരിദാസൻ, കെ. രാമചന്ദ്രൻ, മുരളി, കുട്ടി, പാണിത്തറകുട്ടി, സുജാത, വൽസല, ഉഷകുമാരി എന്നിവർ ആശുപത്രിയിലാണ്. അതിൽ കുട്ടി നടുവിനും എല്ലിനും കേടുപറ്റി മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്. ഈ കർഷകതൊഴിലാളികളായ സുജാത, വൽസല, ഉഷകുമാരി തുടങ്ങിയവർ കല്യാണം കഴിക്കാത്ത പെൺകുട്ടികളാണ്. ഇവരെ വീടുകളിൽ കയറി അപമാനിക്കുകയും ചെയ്തു. ഈ വിധത്തിലുള്ള നടപടി വന്നിട്ടും ഇന്നും കാര്യമായവിധത്തിലുള്ള കേസ് എടുത്തിട്ടില്ല. അതിനു ആവശ്യമായിട്ടുള്ള നടപടിയെടുത്ത് അവരെ ശിക്ഷിക്കുന്നതിനുവേണ്ടിയുള്ള നീക്കമുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അവിടെ കൃഷിസ്ഥലത്ത് ചാല് ക്ലിയർ ചെയ്യുന്നത് സംബന്ധിച്ച ഒരു തർക്കമായിരുന്നു. ആ തർക്കത്തെ തുടർന്ന് അതിന്റെ ഉടമസ്ഥൻ എന്ന് അവകാശപ്പെടുന്നയാൾ വന്ന് ചാലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം തുടർന്നാൽ തന്റെ കൃഷിയെ ദോഷമായി ബാധിക്കുമെന്ന് പറഞ്ഞ് അവിടെ ജോലി ചെയ്തുകൊണ്ടിരുന്നതായ ആളുകളെ കൈയേറ്റം നടത്തുകയുണ്ടായി. ഇരു ഭാഗക്കാരും തമ്മിലുണ്ടായ സംഘട്ടനത്തെ തുടർന്ന് രണ്ടു കൂട്ടരുടെയും പേരിൽ കേസ് എടുത്തിട്ടുണ്ട്. ജോർജ്, വർഗ്ഗീസ് കുര്യൻ തുടങ്ങിയ ആളുകളുടെ പേരിലും അതുപോലെ ഹരിദാസ്, കുഞ്ഞു കുഞ്ഞ് തുടങ്ങി 13 പേരുടെ പേരിലും കേസ് എടുത്തിട്ടുണ്ട്. രണ്ടു ഭാഗക്കാരുടെ പേരിലും കേസ് എടുത്തിട്ടുണ്ട്. ഈ രണ്ടു കേസ്സിനെയും സംബന്ധിച്ച് ശരിയായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്. രണ്ടു കേസ്സിലെയും പ്രതികളിൽ ആദ്യത്തെ കേസ്സിലെ 10 പ്രതികളിൽ ആറുപേരെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി. കോടതിയിൽനിന്ന് അവർക്ക് റിമാൻറ് നല്കിയിരിക്കുകയാണ്. ആ കേസ്സിൽ നാലുപേർ ആശുപത്രിയിലാണ്. രണ്ടാമത്തെ കേസ്സിൽ അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഏഴുപേർ ആശുപത്രിയിലാണ്. സ്ത്രീകളെ ഉപദ്രവിച്ച കേസ്സിൽ, മൂന്നാമത്തെ കേസ്സിൽ രണ്ടു പ്രതികളും ഒളിവിലാണ്. അവരെയും അറസ്റ്റ് ചെയ്തു ആവശ്യമായ നടപടികളും സ്വീകരിക്കും. ഇതിനെ സംബന്ധിച്ച് പോലീസ് വളരെ ജാഗ്രതയായി നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : വീട്ടിൽ കയറി ആക്രമിച്ചു എന്നാണ് എന്റെ പരാതി. കർഷകത്തൊഴിലാളികളും താമസിക്കുന്ന വീടുകളിൽ കയറിയാണ് ആ പെൺകുട്ടികളെ ആക്രമിച്ചത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കേസ് രജിസ്റ്റർ ചെയ്ത് അവരെ അറസ്റ്റ് ചെയ്തു കോടതിയുടെ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

(ബഹളം)

ശ്രീ. ഇ. കെ. നായനാർ : സർ, പോയിന്റ് ഓഫ് ഓർഡർ. ജനാർദ്ദനൻ നായർ കമ്മീഷന്റെ റിപ്പോർട്ട് നടപ്പാക്കാൻവേണ്ടി കേരളത്തിലെ കർഷകത്തൊഴിലാളി നേതാക്കളൊക്കെ ഇപ്പോൾ സമരത്തിലാണ്. ഇവിടെ അതല്ല പ്രശ്നം. അതു പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അന്ന് തന്നെ, ഒക്ടോബർ 27-ാം തീയതി ഇൻഡ്യൻ എക്സ്പ്രസ്സ് അതു പ്രസിദ്ധപ്പെടുത്തി. അതിനെപ്പറ്റി ഇവിടെ ചർച്ച വന്നു. ആ ചർച്ച വന്നപ്പോൾ ഇന്ന് മന്ത്രി പറഞ്ഞതിനു വിരുദ്ധമായിട്ടാണ് ഇത് പ്രസിദ്ധപ്പെടുത്തിയത്. ബഹുമാനപ്പെട്ട സ്പീക്കറോട് അതിനെ സംബന്ധിച്ച് റൂളിംഗ് വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട സ്പീക്കർ പറയാമെന്ന് പറഞ്ഞു. ഇതുവരെ പറയാത്തതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനെപ്പറ്റി എന്താണ് റൂളിംഗ് ? എന്താണ് അഭിപ്രായം ?

മി. സ്പീക്കർ : ചെയർ അതു പരിശോധിച്ചു. ഒരു ഗവൺമെന്റ് ഉത്തരവുപ്രകാരമാണ് ജനാർദ്ദനൻനായർ കമ്മീഷനെ നിയമിച്ചിട്ടുള്ളത്. സഭയിൽ മാൻഡേറ്ററിയായി വയ്ക്കേണ്ട റിപ്പോർട്ടുകളിൽ അത് പെടുന്നില്ല. ആ റിപ്പോർട്ട് സഭയിൽ വയ്ക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിനാണ്. പക്ഷേ ആ റിപ്പോർട്ട് സഭയിൽ വയ്ക്കണമെന്ന ആവശ്യം ഉയർന്നുവരികയും ചില കാരണങ്ങളും കൊണ്ട് അത് വയ്ക്കാൻ ഇപ്പോൾ കഴിയുകയില്ല എന്ന അഭിപ്രായം വരികയും ചെയ്ത പശ്ചാത്തലത്തിൽ പിന്നെ അത് അടുത്ത ദിവസം പുറത്ത് പ്രസിദ്ധീകരിക്കാനിടവന്നു എന്നുള്ളതു ഉചിതമായില്ല. അന്ന് ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ അത് ഒരു അവകാശലംഘനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമാണെന്ന് ഉന്നയിച്ചിരുന്നു. പക്ഷെ അവകാശലംഘനത്തിന്റെ പ്രശ്നം അതിൽ ഉൽഭവിക്കുന്നില്ല. It is a question of propriety. ആ കാസ്റ്റിന്റ്യൻ അതിനകത്തുണ്ട്. ഏതായാലും ഇങ്ങനെ ഒരു സാഹചര്യമുണ്ടാകാതിരിക്കാൻ, ഇത്തരത്തിലുള്ള സ്ഥിതിവിശേഷമുണ്ടാകാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കണമെന്നുള്ളതാണ് ചെയറിന്റെ അഭിപ്രായം.

ശ്രീ. ഇ. കെ. നായനാർ : സർ, മേശപ്പുറത്തുവയ്ക്കാൻ സ്പീക്കർക്ക് നിർദ്ദേശിച്ചുകൂടെ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അടുത്തുതന്നെ ഇതൊക്കെ പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടികളും സ്വീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇതുപോലെ ഒരു രേഖ പുറത്തു പോയാൽ—പുറത്തു പോകാൻ പാടില്ല. പോയിക്കഴിഞ്ഞാലെങ്കിലും മേശപ്പുറത്തു വയ്ക്കേണ്ട കടമയുണ്ട്. അതു ചെയ്യണം.

മി. സ്പീക്കർ : അതുകൊണ്ടാണ് പുറത്തു വിശദീകരണത്തിനു ഇടവന്നത്, അനുചിതമായിപ്പോയി, ഇപ്രാപ്രായിപ്പോയി എന്നു പറഞ്ഞത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഗവൺമെന്റ് സഭയിൽ പറഞ്ഞതിനുശേഷം ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടില്ല. പലതും ഇവിടെ ഇപ്പോൾ ഗവൺമെന്റിന്റെ നടപടിയെന്നു പറയുന്നു. അതിനു എന്തു ചെയ്യാനൊക്കും.

.....(ബഹളം).....

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സ്പീക്കറുടെ റൂളിംഗിനെപ്പറ്റി ഒരു ചർച്ചയ്ക്കു അനുവദിക്കുമോ എന്നുള്ള കാര്യം തീരുമാനിച്ചാൽ മതി.

മി. സ്പീക്കർ : സ്പീക്കർ റൂളിംഗ് കൊടുത്തുകഴിഞ്ഞു, റൂളിംഗിനെ കുറിച്ച് ചർച്ച ചെയ്യേണ്ട. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്.....

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഗവൺമെന്റ് ഔദ്യോഗികമായിട്ട് പാസ്സും ചെയ്തിട്ടില്ല. എന്നാലും ഗവൺമെന്റ് റിപ്പോർട്ടുകളും പുറത്തു പോകുന്നുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടത്തന്നെ ശ്രീ. സുന്ദരൻ നാടാർ, ഈ വിഷയം ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞ അവസരത്തിൽ—ഇതു പത്രത്തിൽ വന്നതിനെക്കുറിച്ചാണ് അന്ന്. അദ്ദേഹം സൂചിപ്പിച്ചത്—അന്ന് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇതു പ്രിവിലേജ് കമ്മറ്റിയാണെന്നു പറഞ്ഞു. പ്രിവിലജ് പ്രശ്നമല്ല, പ്രൊപ്രൈറ്ററിയുടെ പ്രശ്നമാണെന്ന് പറഞ്ഞുകൊണ്ട് അങ്ങ് അതിനെ കുറിച്ച് റൂളിംഗും നൽകി. ശ്രീ. സുന്ദരൻ നാടാർതന്നെ ഗവൺമെന്റിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു ഇതു എങ്ങനെ പുറത്തുവന്നു എന്നതിനെക്കുറിച്ചു അന്വേഷിക്കാം, നടപടികളും സ്വീകരിക്കാമെന്ന് ഈ സഭക്ക് ഉറപ്പുനൽകിയിട്ടുണ്ട്. അങ്ങനെ ഒരു സാഹചര്യംകൂടി ഉണ്ടെന്നുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. സ്പീക്കർ : പക്ഷെ അതു ഗവൺമെൻറ് പ്രസിദ്ധീകരിച്ചതല്ല. അല്ലാതെ വന്നു എന്നുള്ളതു് ഒരു ന്യായീകരണമല്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതിൽ ഗവൺമെൻറിനു് ഒരു ബുദ്ധിമുട്ടുണ്ട്. അതു അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണു്. ഗവൺമെൻറിൻെറ ചില രേഖകളും, പത്രപ്രവർത്തകൻമാർ അവരുടെ സാർമത്ഥ്യംമൂലം ശേഖരിച്ചു് പുറത്തുപോകാൻ ഇടയാകുന്നുണ്ടു്. സർ, ഇതു സംബന്ധിച്ചു്, ഗവൺമെൻറിനു് ചില നടപടികളും സ്വീകരിക്കേണ്ടിവരും. അങ്ങനെ സ്വീകരിക്കുന്നതു് പത്രപ്രവർത്തന സ്വാതന്ത്ര്യത്തിനെതിരായിട്ടുള്ള നിഷിദ്ധമായ നടപടിയായിട്ടു് ആക്ഷേപമുണ്ടാകും. സർ, ഇതു ക്ഷമിച്ചിരിക്കുകയാണു്. ഇന്നു് പെയറിൽനിന്നും ഇങ്ങനെ ഒരു അഭിപ്രായമുണ്ടായ സ്ഥിതിക്കു് ഗവൺമെൻറ് ഈ വക കാര്യങ്ങളും കർശനമായി, നടപടികളും—പത്ര സ്വാതന്ത്ര്യത്തിൻെറ ഭാഗമെന്തായാലും ശരി നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. ഇ. കെ. നായനാർ : സർ, ഇതു പത്രപ്രവർത്തന സ്വാതന്ത്ര്യത്തിൻെറ പ്രശ്നമല്ല. ഇതു പ്രൊപ്രൈറേറിയുടെ പ്രശ്നമാണു്. പത്രപ്രവർത്തനവുമായിട്ടു് ഒരു ബന്ധവും ഇതിനില്ല. ആ പ്രൊപ്രൈറേറി പാലിക്കുമോ ഇല്ലയോ എന്നുള്ളതാണു് പ്രശ്നം. അതിൽനിന്നും മുഖ്യമന്ത്രി രക്ഷപ്പെടുകയാണു്.

മി. സ്പീക്കർ : ഏതായാലും പെയർ പറഞ്ഞുകഴിഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ആ റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കണം. ഏതാണു് ശരിയെന്നു ഞങ്ങളും അറിയണ്ടേ ?

.....(ബഹളം) .....

Mr. Speaker : ഏതായാലും, It is a question of propriety എന്നു് പെയർ പറഞ്ഞുകഴിഞ്ഞു.

IV. പ്രസ്താവന

തങ്കമണി സംഭവത്തെക്കുറിച്ചുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തങ്കമണിയിൽ വെടിവയ്പു് ഉണ്ടായതിനെത്തുടർന്നുണ്ടായ സംഭവങ്ങളെക്കുറിച്ചു് അന്വേഷിക്കാമെന്നു് ഞാൻ സഭയിൽ പറഞ്ഞിരുന്നു. കഴിഞ്ഞ ദിവസം ഇൻസ്പെക്ടർ ജനറൽ നേരിട്ടു പോയി അന്വേഷണം നടത്തി. പ്രാഥമികമായി ചില നടപടികളും പോലീസിൻെറ ഭാഗത്തുനിന്നുണ്ടായതു് തെറ്റാണെന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ മേലധികാരികളുടെ നിർദ്ദേശങ്ങൾക്കു വിപരീതമായി പ്രവർത്തിച്ചുവെന്നും, അതിനുപുറമെ പ്രതികളെ അറസ്റ്റു ചെയ്യുമ്പോൾ, അവരെ ബലമായി തടഞ്ഞ സ്ത്രീകളോടു് മര്യാദകേടായി പെരുമാറിയെന്നും വിശദമായി ഒരു പ്രൈമറി റിപ്പോർട്ടു തന്നിട്ടുണ്ട്. അതിൽ റെയ്പുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly